പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന ഭൂമി റിസർവ് വനഭൂമിയായതിനാൽ ക്ഷേത്രവും പരിസരവും റിസർവ് വനഭൂമിയായി നിലനിർത്തികൊണ്ട് ആരാധന തുടരാമെന്നും, പ്രസ്തുത സ്ഥലം പതിച്ചു നൽകാൻ നിർവ്വാഹമില്ലെന്നും വനംവകുപ്പ് ബന്ധപ്പെട്ടവരെ അറയിച്ചിട്ടുള്ളതുമാണ്.

ശ്മശാന പറമ്പ് അനധികൃതമായി പതിച്ച് കൊടുക്കുന്നതു സംബന്ധിച്ച പരാതി

75 (1634) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചിറക്കൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തീയ്യ സമുദായത്തിന്റെ ശ്മശാനപറമ്പ് അനധികൃതമായി പതിച്ചു കൊടുക്കുന്നതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചത് ;

(സി) ഈ പരാതിയിന്മേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3-6-2000- ലാണ് ലഭിച്ചത്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

സ്വാതന്ത്ര്യസമര സേനാനിക്ക് ഭൂമി പതിച്ച് നൽകണമെന്ന ആവശ്യം

76 (1635) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ സ്വാതന്ത്ര്യസമര സേനാനി ശ്രീ. കെ. കേശവൻ, ജീവൻദീപം, പുലിയൂർ, പച്ചക്ക് ഭൂമി പതിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) അപേക്ഷകന് എത്ര സെന്റ് ഭൂമി പതിച്ചു കൊടുക്കാനാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത് ; ഇതുവരെ എത്ര സെന്റ് ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സ്വാതന്ത്ര്യസമര സേനാനി ശ്രീ. കെ. കേശവന്റെ നിവേദനം പരിഗണിച്ച് തിരുവനന്തപുരം താലൂക്കിൽ തോന്നയ്ക്കൽ വില്ലേജിൽ 25 സെന്റ് സ്ഥലം പതിച്ചു നൽകാൻ തിരുവനന്തപുരം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം സ്ഥലം പതിച്ചുനൽകുന്നതിനുള്ള നടപടികൾ ജില്ലാകളക്ടർ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly